

# Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

## 1 കിലോ 400 ഗ്രാം കഞ്ചാവുമായി മുക്കം സ്വദേശി പാലക്കാട് നോർത്ത് പോലീസിൻെറ പിടിയിൽ

1 കിലോ 400 ഗ്രാം കഞ്ചാവുമായി കോഴിക്കോട് സ്വദേശിയെ ഒലവക്കോട് വച്ച് പാലക്കാട് ലഹരി വിരുദ്ധ സ്ക്വാഡ് പിടികൂടി. കോഴിക്കോട്, മുക്കം സ്വദേശി **അമീൻ** ,വ: 25, ആണ് ഒലവക്കോട് റെയിൽവേ സ്റ്റേഷൻ പരിസരത്തു നിന്നും കസ്റ്റഡിയിലെടുത്തത്.



### 1.4 കിലോ കഞ്ചാവുമായി മുക്കം സ്വദേശി പിടിയിൽ

പാലക്കാട്
ഒരുകിലോ 400 ഗ്രാം കഞ്ചാവുമായി കോഴിക്കോട് സ്വദേശിയെ ഒലവക്കോടുവച്ച് ലഹരി വിരുദ്ധ സ്ക്വാഡ് പിടികൂടി. കോഴിക്കോട് മുക്കം സ്വദേശി അമീൻ(25) ആണ് റെയിൽവേ സ്റ്റേഷൻ പരിസരത്ത് പിടിയിലായത്.

75,000 രൂപ വില വരുന്ന കഞ്ചാവാണ് പിടിച്ചെടുത്തത്. കോഴിക്കോട് കേന്ദ്രീകരിച്ച് ഇതര സംസ്ഥാന തൊഴിലാളികൾ, സ്കൂൾ, കോളേജ് വിദ്യാർഥികൾ എന്നിവർക്ക് വിൽക്കാനാണ് കൊണ്ടുവന്നത്.

ഒലവക്കോട്ട് ട്രെയിനിറങ്ങി ബസിൽ കോഴിക്കോട്ടേക്ക് പോകാനുള്ള ശ്രമത്തിനിടയിലാണ് പൊലീസിന്റെ പിടിയിലായത്. തമിഴ്നാട്ടിൽനിന്നാണ് കഞ്ചാവ് എത്തിച്ചതെന്ന് ഇയാൾ മൊഴി നൽകി.

നർക്കോട്ടിക് സെൽ ഡിവൈഎസ്പി ബാബു കെ തോമസിന്റെ നേതൃത്വത്തിലായിരുന്നു പരിശോധന.

പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. ടൗൺ നോർത്ത് ഇൻസ്പെക്ടർ ടി ഷിജു എബ്രഹാം, എസ്ഐ എസ് അൻഷാദ്, എഎസ്ഐ ഫ്രാൻസിസ്, ലഹരിവിരുദ്ധ സ്ക്വാഡ് അംഗങ്ങളായ എസ്ഐ എസ് ജലീൽ, ടി ആർ സുനിൽകുമാർ, വി ജയകുമാർ, സി വിജയാനന്ദ്, ആർ കിഷോർ, സൂരജ് ബാബു, ദിലീപ്, ആർ രാജീദ്, ആർ വിനീഷ്, എച്ച് ഷാജഹാൻ, എസ് ഷമീർ എന്നിവരടങ്ങിയ സംഘം പരിശോധനയിൽ പങ്കെടുത്തു.

പിടിയിലായ അമീൻ

സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശത്തെത്തുടർന്ന് ജില്ലാ അടിസ്ഥാനത്തിൽ രൂപീകരിച്ച ഡാൻസാഫ് സ്ക്വാഡിൻെറ നേതൃത്വത്തിൽ നടത്തിവരുന്ന പ്രത്യേക

ഓപ്പറേഷൻെറ ഭാഗമായാണ് പരിശോധന നടത്തി വരുന്നത്. നർകോട്ടിക് സെൽ DySP ബാബു K തോമസിൻെറ നേതൃത്വത്തിലായിരുന്നു പരിശോധന. പിടിച്ചെടുത്ത കഞ്ചാവിന് ചില്ലറ വിപണിയിൽ 75,000 രൂപയോളം വില വരും. കോഴിക്കോട് കേന്ദ്രീകരിച്ച് അന്യസംസ്ഥാന തൊഴിലാളികൾ , സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, എന്നിവർക്ക് വിൽപ്പന നടത്താൻ കൊണ്ടുവന്നതാണ്. ഒലവക്കോട് ട്രെയിനിറങ്ങി ബസ് മാർഗം കോഴിക്കോട്ടേക്ക് പോവാൻ വന്നപ്പോഴാണ് പോലീസ് പിടിയിലായത്. തമിഴ്നാട്ടിൽ നിന്നുമാണ് കഞ്ചാവ് കൊണ്ട് വന്നതെന്ന് പ്രതി പോലീസിന് മൊഴി നൽകി .

ടൗൺ നോർത്ത് ഇൻസ്പെക്ടർ ഷിജു എബ്രഹാം, SI. S.അൻഷാദ്।9,അഡീഷണൽ S.I. ഫ്രാൻസിസ് ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ SI. S. ജലീൽ, T.R. സുനിൽ കുമാർ, V. ജയകുമാർ, C. വിജയാനന്ദ്, R. കിഷോർ, സൂരജ് ബാബു, ദിലീപ്, R. രാജീദ്, R. വിനീഷ്, H.ഷാജഹാൻ, S. ഷമീർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

.......................................................................................................................................

